278 (1457) സിൽക്കിലെ സബ്സിഡിയറി യൂണിറ്റുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ സിൽക്കിന് എത്ര സബ്സിഡിയറി യൂണിറ്റുകൾ ഉണ്ട്; ഇവ ഓരോന്നിന്റേയും പ്രവർത്തനം വിശദമാക്കുമോ;

(ബി) ആട്ടോകാസ്റ്റ് നിരക്കിൽനിന്നും വേർപെടുത്തി കെ.എം.എം. എൽ.ന്റെ ഒരു യൂണിറ്റാക്കി മാറ്റാൻ നിർദ്ദേശം ഉണ്ടോ; എങ്കിൽ എന്താണിതിനു കാരണം;

(സി) എസ്.ഐ.എഫ്.എൽ. ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; ഈ സ്ഥാപനത്തിന്റെ മൂന്നു വർഷത്തെ ലാഭമെത്ര;

(ഡി) എസ്.ഐ.എഫ്.എൽ-ൽ എത്ര ജീവനക്കാർ ഉണ്ട്; എത്ര മാനേജ്മെന്റ് സ്റ്റാഫ്, എക്സിക്യൂട്ടീവുകൾ, സ്ഥിരം തൊഴിലാളികൾ, കോൺട്രാക്ട് തൊഴിലാളികൾ എന്നിവ വേർതിരിച്ച് വ്യക്തമാക്കുമോ;

(ഇ) കമ്പനിയിൽ ലേബർ കോൺട്രാക്ട് സമ്പ്രദായം ഉണ്ടോ; ഇതിനായി ടെണ്ടർ വിളിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(എഫ്) കമ്പനിയിൽ മുമ്പ് കോൺട്രാക്ട് വർക്കേഴ്സിനെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ആ എഗ്രിമെന്റിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ജി) ഇതു സംബന്ധിച്ച് ഹൈക്കോടതിവിധി എന്താണെന്നറിയിക്കുമോ?

ഉത്തരം

(എ) ചേർത്തലയിലുള്ള ആട്ടോകാസ്റ്റ് യൂണിറ്റും, തൃശ്ശൂർ അത്താണിയിലുള്ള സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സുമാണ് സിൽക്കിന്റെ രണ്ട് സബ്സിഡിയറികൾ. ആട്ടോകാസ്റ്റ് ഒരു വൻകിട ഫാക്ടറിയാണ്. സാധാരണ ഫൗണ്ടറികളിലുള്ള കാസ്റ്റിംഗ് സമ്പ്രദായത്തിനുപുറമേ ഹൈപ്രഷർ മോർഡിംഗിലുള്ള കാസ്റ്റിംഗുകൾ എടുക്കുവാനുള്ള സംവിധാനം ഇതിനുണ്ട്. മോട്ടോർ വ്യവസായത്തിനും മറ്റ് എഞ്ചിനീയറിഗ് വ്യവസായത്തിനും ആവശ്യമായ സ്റ്റീൽ, എസ്.ജി, അയൺ കാസ്റ്റിംഗുകളും ഇവിടെ ഉൽപ്പാദിപ്പിക്കുന്നു. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് 10 ടൺ ഹാമറും 6 ടൺ ഹാമറും ഉപയോഗിച്ച് ഫോർജിംഗ്സ് ഉണ്ടാക്കുന്നു. മോട്ടോർ വ്യവസായത്തിനും മറ്റ് എഞ്ചിനീയറിംഗ് വ്യവസായത്തിനും ആവശ്യമായ ഫോർജിംഗുകളും ഉണ്ടാക്കുന്നു. കഴിഞ്ഞ മൂന്നു വർഷമായി ഈ കമ്പനി ലാഭത്തിലാണ്.

(ബി) ആട്ടോകാസ്റ്റിനെ സിൽക്കിൽനിന്നും വേർപെടുത്തി കെ.എം.എം.എൽ.ന്റെ യൂണിറ്റാക്കി മാറ്റാനുള്ള നിർദ്ദേശം നിലവിലില്ല.

(സി) എസ്.ഐ.എഫ്.എൽ. കഴിഞ്ഞ മൂന്നുവർഷമായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ലാഭത്തിന്റെ കണക്ക് താഴെ ചേർക്കുന്നു.

1996-97	-	195 ലക്ഷം
1997-98	-	183 ലക്ഷം
1998-99	-	132 ലക്ഷം

(ഡി) കോൺട്രാക്ട് തൊഴിലാളികളെ കൂടാതെ 259 ജീവനക്കാരുണ്ട്.

മാനേജ്മെന്റ് സ്റ്റാഫ്	-	34

LIBRARY ARCHIVES Kerala Legislative Assembly

എക്സിക്യൂട്ടീവുകൾ	-	28
സ്ഥിരം തൊഴിലാളികൾ		
സ്കിൽഡ്	-	137
അൺസ്കിൽഡ്	-	60
കാഷ്വൽ തൊഴിലാളികൾ	-	ഇല്ല.
ഇപ്പോഴുള്ള കോൺട്രാക്ട് തൊഴിലാളികൾ	-	78

(ഇ) ഉൽപ്പാദന പ്രക്രിയയ്ക്കിടയിൽ ആവശ്യമായ മെറ്റീരിയൽസും മറ്റും എടുത്തുമാറ്റുന്ന തൊഴിലും ഗ്രൈൻഡിംഗ്, ചിസൽ കട്ടിംഗ്, തോട്ടം സെക്യൂരിറ്റി, കാന്റീൻ, ക്ലീനിംഗിനോട് ബന്ധപ്പെട്ട തൊഴിലുകളും കോൺട്രാക്ട് വ്യവസ്ഥയിൽ കൊടുത്ത് കോൺട്രാക്ടറുടെ തൊഴിലാളികൾ ചെയ്തുവരുന്നു. ടെണ്ടറുകൾ വിളിച്ചാണ് ഇത്തരം തൊഴിലുകൾ കൊടുക്കുന്നത്. വിവിധ കോൺട്രാക്ടറുടെ കീഴിൽ പണി എടുക്കുന്ന തൊഴിലാളികളെ കോൺട്രാക്ടർമാർ തന്നെ നിയമിക്കുന്നു.

(എഫ്) 1990-ൽ ജി.ഇ.എം. സൊസൈറ്റിയിൽ ഉണ്ടായിരുന്ന 20 തൊഴിലാളികളെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. എഗ്രിമെന്റ് വ്യവസ്ഥയിലല്ല സ്ഥിരപ്പെടുത്തിയത്.

(ജി) പ്രസ്തുത നിയമനം സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുകയും ബാക്കിയുള്ള ഒഴിവുകളും, ഇനി വരുന്ന ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നികത്തണമെന്നാണ് ഹൈക്കോടതി വിധി.

279 (1458) കയറുൽപ്പന്നങ്ങളുടെ ഡിമാന്റ്

ശ്രീ. കെ. ബാബു :
ശ്രീ. കെ.സി. വേണുഗോപാൽ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറിനും കയറുൽപ്പന്നങ്ങൾക്കും ഇപ്പോൾ ആഭ്യന്തര ഡിമാൻറും വിദേശഡിമാന്റും ഇല്ലാതാവുകയോ കുറയുകയോ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം എന്തെന്ന് പറയുമോ;

(സി) ഇപ്പോൾ എന്തു തുകയ്ക്കുള്ള കയറും കയറുൽപ്പന്നങ്ങളും കയർഫെഡിൽ കെട്ടിക്കിടപ്പുണ്ട്;

(ഡി) പ്രാഥമിക സഹകരണ സംഘങ്ങളിൽ എന്തു വിലയ്ക്കുള്ള കയറും കയറുൽപ്പന്നങ്ങളും കെട്ടിക്കിടക്കുന്നു;

(ഇ) ഇവ വിറ്റഴിക്കാൻ ഗവൺമെന്റ് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly